

# കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ



2005- ലെ ബാലാവകാശ സംരക്ഷണ നിയമത്തിന്റെയും ബന്ധപ്പെട്ട ചട്ടങ്ങളുടെയും അടിസ്ഥാന ത്തിൽ 2013 ജൂൺ 3 ന് ബാലാവകാശ സംരക്ഷണ കമ്മീഷൻ നിലവിൽ വന്നു. പതിനെട്ട് വയസ്സിൽ താഴെയുള്ള കുട്ടികളുടെ അവകാശങ്ങളുടെ സംരക്ഷണമാണ് കമ്മീഷന്റെ പ്രധാന ചുമതല.

## ബാലാവകാശ സംരക്ഷണ കമ്മീഷൻ

ചെയർപേഴ്സണും ആറ് അംഗങ്ങളും അടങ്ങിയതാണ് കമ്മീഷൻ. കക്ഷികൾക്ക് നോട്ടീസ് അയയ്ക്കുകയും വാദം കേൾക്കുകയും ആവശ്യമെങ്കിൽ സ്ഥലം സന്ദർശിക്കുകയും ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു. ജില്ലകളിൽ കമ്മീഷൻ സിറ്റിംഗ് നടത്തുകയും പരാതികൾ സ്വീകരിക്കുകയും ചെയ്യുന്നു.

## കമ്മീഷന്റെ ചുമതലകൾ

- ബാലാവകാശ ലംഘനങ്ങൾ അന്വേഷിക്കുക, സ്വമേധയാ നടപടി സ്വീകരിക്കുക, പ്രോസിക്യൂഷൻ നടപടി ശുപാർശ ചെയ്യുക
- കുട്ടികളുടെ അവകാശവുമായി ബന്ധപ്പെട്ട് ഗവേഷണങ്ങൾ നടത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക





- കേസുകളിൽ പൊലീസ്, കോടതി നടപടികൾ ശിശു സൗഹൃദപരമാണോ എന്ന് നിരീക്ഷിക്കുക
- കുട്ടികളുമായി ബന്ധപ്പെട്ട സർക്കാർ ഏജൻസികൾക്ക് ആവശ്യമായ ശുപാർശകൾ നൽകുക
- വിദ്യാഭ്യാസ അവകാശം നിഷേധിക്കപ്പെടുന്നത് സംബന്ധിച്ച പരാതികളിൽ നടപടി സ്വീകരിക്കുക
- കുട്ടികൾക്കായുള്ള സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം 2009 (ആർ.റ്റി.ഇ. ആക്റ്റ്), കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള നിയമം 2012 (പോക്സോ), ബാല നീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം 2015 എന്നിവയുടെ നടത്തിപ്പ് നിരീക്ഷിക്കുക
- പീഡനത്തെ അതിജീവിച്ച കുട്ടികളുടെ സംരക്ഷണം, തുടർപഠനം എന്നിവ ഉറപ്പുവരുത്തൽ, വൈദ്യസഹായം, നഷ്ടപരിഹാരം, കൗൺസലിംഗ് എന്നിവ ലഭ്യമാക്കൽ, കുട്ടിയെ സാധാരണ ജീവിതത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള സാഹചര്യം ഒരുക്കൽ എന്നിവ യ്ക്കുള്ള നടപടികൾ ശരിയായ രീതിയിൽ നടക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുക





## പരാതി നൽകേണ്ടത്

- കുട്ടികൾക്കും മുതിർന്നവർക്കും പരാതി നൽകാം.
- വെള്ളക്കടലാസിൽ രേഖകളുടെ പകർപ്പ് സഹിതം പരാതി കമ്മീഷന് നേരിട്ടോ തപാലിലോ സമർപ്പിക്കാം.
- അപേക്ഷാ ഫീസില്ല. കോർട്ട്ഫീ സ്റ്റാമ്പ് പതിക്കുകയോ പണം നൽകുകയോ ചെയ്യേണ്ടതില്ല.
  (മറ്റ് അധികാര സ്ഥാപനങ്ങൾക്ക് നൽകാൻ തയ്യാറാക്കിയ അപേക്ഷകളുടെ പകർപ്പ് പരിഗണിക്കില്ല)
- ഇ-മെയിലിലൂടെ പരാതി നൽകുന്നവർ ഒപ്പിട്ട പരാതിയുടെ അസ്സൽ കമ്മീഷന് സമർപ്പിക്കേണ്ടതാണ്.

സെക്രട്ടറി
**കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ**
വാൻറോസ് ജംഗ്ഷൻ, കേരള യൂണിവേഴ്സിറ്റി പി.ഒ. തിരുവനന്തപുരം-695 034
ഫോൺ : 0471 2326603 ഇ-മെയിൽ: childrights.cpcr@kerala.gov.in
twitter.com/KeSCPCR_Kerala facebook.com/KeSCPCRKerala

Printed and published by the Secretary, Kerala State Commission for Protection of Child Rights and printed at KBPS, Kakkanadu and published at Thiruvananthapuram
Editor: R. Venugopal, Public Relations Officer